# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 135 — 05/12/2014 ലെ മറുപടിക്ക്

## ഹോർട്ടികോർപ്പിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ഡോ.കെ.ടി. ജലീൽ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ടി. വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഹോർട്ടികോർപ്പിൽ പച്ചക്കറി ഇടപാടിൽ വൻക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജിലൻസ് അന്വേഷണത്തിൽ വെളിവായ വിവരങ്ങൾ വിശദമാക്കാമോ; | എ&ബി) | 06.12.2013 ലെ 14710/ബി2/2013/വിജി നമ്പർ കത്ത് പ്രകാരം ഹോർട്ടികോർപ്പിൽ പച്ചക്കറി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിരുന്നു.<br>ആയതിൻപ്രകാരം വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടന്നുവരുന്നു. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. |
| ബി) | വിജിലൻസ് അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് ഹോർട്ടികോർപ്പിലെ ആർക്കെല്ലാമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ; | | |
| സി) | തന്നാണ്ടിൽ സംസ്ഥാനത്തുനിന്നും സംസ്ഥാനത്തിനു പുറത്തുനിന്നും ഹോർട്ടികോർപ്പ് വാങ്ങിയ പച്ചക്കറികൾ എന്തു തുകയ്ക്കുള്ളതാണെന്ന് വിശദമാക്കാമോ; ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായിരുന്ന പച്ചക്കറികളിൽ എന്തെങ്കിലും പുറത്തുനിന്നും വാങ്ങുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ? | സി) | ഈ വർഷം ഹോർട്ടിക്കോർപ്പിന്റെ വിവിധ ജില്ലാ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തുനിന്നും 28,58,27,042/- രൂപയുടെയും സംസ്ഥാനത്തിനു പുറത്തുനിന്നും 27,83,08,948/- രൂപയുടെയും പച്ചക്കറി സംഭരിച്ചിരുന്നു.സംസ്ഥാനത്ത് ലഭ്യമല്ലാത്ത ഇനങ്ങളോ ഓരോ ദിവസവും വിപണനശൃംഖലകൾ വഴി വിതരണം നടത്താനാവശ്യമായ മുഴുവൻ അളവും ജില്ലാ സംഭരണ കേന്ദ്രത്തിൽ ലഭ്യമല്ലാതെ വരുമ്പോഴോ ആണ് സംസ്ഥാനത്തിനു പുറത്തുനിന്നും പച്ചക്കറി സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ